"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- പാലക്കാട് ജില്ലയിൽ തേനീച്ചയുടെ കുത്തേറ്റ് മരണമടഞ്ഞ ആർത്തിയുടെ ആശ്രിതർക്കു 4 ലക്ഷം രൂപ ധനസഹായം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.56/2026/DMD തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:-
1. ബഹു.മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെൽ മുഖേന ശ്രീ. മുരുകേശൻ സമർപ്പിച്ച അപേക്ഷ
2. പാലക്കാട് ജില്ലാ കളക്ടറുടെ 22/11/2025 ലെ DCPKD/2108/2024-J5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ തേനിച്ചയുടെ കുത്തേറ്റ് തന്റെ 14 വയസ്സുള്ള മകൾ മരണപ്പെട്ടെന്നും, തന്റെ നിവേദനത്തിൻമേൽ അവകാശികൾക്ക് 10 ലക്ഷം രൂപ നൽകുവാൻ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും, ടി ഉത്തരവിൻമേൽ നടപടി സ്വീകരിക്കണമെന്നും കാണിച്ച് ബഹു.മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര സെൽ മുഖേന ശ്രീ.മുരുകേശൻ എന്നവർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ തേനിച്ചയുടെ കുത്തേറ്റ് കുമാരി.ആർത്തി മരണപെട്ടത്ത് വനത്തിന് പുറത്ത് വച്ചായതിനാൽ 10 ലക്ഷം രൂപ നൽകുവാൻ കഴിയില്ലെന്ന് നെന്മാറ ഫോറസ്റ്റ് ഡിവിഷണൽ ഓഫീസർ അറിയിച്ചതായും, ഇതേ തുടർന്ന് ഈ വിഷയത്തിൻമേൽ സ്പഷ്ടീകരണം ആവശ്യപ്പെടുകയും മരണപ്പെട്ട കുമാരി.ആർത്തി എന്നവരുടെ അനന്തരാവകാശികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 4 ലക്ഷം രൂപ നൽകുവാൻ നിർദ്ദേശം ലഭ്യമാവുകയും, തുടർന്ന് മരണപ്പെട്ട കുമാരി.ആർത്തി എന്നവരുടെ അനന്തരാവകാശികൾക്ക് അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ചിറ്റൂർ താലൂക്ക് തഹസിൽദാർക്ക് 4 ലക്ഷം രൂപ അനുവദിച്ചു നൽകിയെങ്കിലും, മരണപ്പെട്ട കുമാരി.ആർത്തി എന്നവരുടെ പിതാവ് ശ്രീ. മുരുകേശൻ എന്നവർ ബഹു.മനുഷ്യാവകാശ കമ്മീഷൻ ഉത്തരവാക്ഷിയിട്ടുള്ള 10 ലക്ഷം രൂപ അനുവദിച്ചു തരണമെന്ന് ആവശ്യത്തിൽ ഉറച്ചു നിൽക്കുന്നതിനാൽ ജില്ലാ കളക്ടർ അനുവദിച്ച 4 ലക്ഷം രൂപ കൈപ്പറ്റാൻ വിസമ്മതിക്കുന്നതെന്നും സാമ്പത്തിക വർഷം അവസാനിക്കുന്ന സാഹചര്യത്തിൽ തുക തിരിച്ചടക്കേണ്ടതിനാൽ ടി തുക 2024-25 സാമ്പത്തിക വർഷവസാനം മാർച്ചിൽ BIMS വഴി തിരിച്ചടച്ചതായി ചിറ്റൂർ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ഈ വിഷയത്തിൽ മാർഗ്ഗ നിർദ്ദേശം നൽകണമെന്നഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട്

ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിൽ തേനീച്ചയുടെ കുത്തേറ്റ് മരണമടഞ്ഞ ആർത്തിയുടെ ആശ്രിതർക്കു SDRF ലെ 2245-02-111-99 Flood- Ex Gratia to Bereaved Families എന്ന ശീർഷകത്തിൽ നിന്നും 4 ലക്ഷം രൂപ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ തുക പാലക്കാട് ജില്ലാ കളക്ടർക്കു അനുവദിച്ചു നൽകുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ കൈക്കൊള്ളേണ്ടതാണ്. നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷനിൽ നിന്നും തുക വിനിയോഗിക്കേണ്ടതും, തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Vincent U
Date: 29-01-2026 10:00:34
സെക്ഷൻ ഓഫീസർ